"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പ് 2026 - കളർ ബാലറ്റ് പ്രിന്റ് ചെയ്യാനുള്ള യന്ത്രസംവിധാനം ഒരുക്കുന്നതിന് ആകെ പ്രതീക്ഷിത അച്ചടിക്കൂലിയുടെ 65 % തുക അഡ്വാൻസ് ആയി അച്ചടി വകുപ്പിന് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ (എക്യുപ്പ്മെന്റ്) വകുപ്പ്**

സ.ഉ.(സാധാ) നം.113/2026/ELEC തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-
1. 04.12.2025 തീയതിയിൽ ചേർന്ന അവലോകന യോഗത്തിന്റെ നടപടികുറിപ്പുകൾ.
2. ഡയറക്ടർ ഓഫ് പ്രിന്റിംഗിന്റെ 22.12.2025-ലെ PTGD/971329/2025-Planning Cell നമ്പർ കത്ത്.

**ഉത്തരവ്**

2026-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ ഇ.വി.എം. ബാലറ്റുകളിൽ സ്ഥാനാർത്ഥികളുടെ കളർ ചിത്രം ആലേഖനം ചെയ്തായിരിക്കണം അച്ചടിക്കേണ്ടത് എന്ന് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2026-ലെ കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ അച്ചടി ജോലികളുടെ സമയബന്ധിതമായ പൂർത്തീകരണം അവലോകനം ചെയ്യുന്നതിന് പരാമർശം ഒന്ന് പ്രകാരം ചേർന്ന യോഗത്തിൽ, ഗവ.പ്രസ്സുകളിൽ നിലവിൽ ഇ.വി.എം. ബാലറ്റുകൾ കളർ പ്രിന്റിംഗ് നടത്താൻ യന്ത്രസംവിധാനം ഒരുക്കിയിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം, ഗവ.പ്രസ്സിൽ കളർ ബാലറ്റ് പ്രിന്റിംഗിനുള്ള യന്ത്രസംവിധാനം സ്ഥാപിക്കുന്നതിന്, നിയമസഭാ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആകെ പ്രതീക്ഷിക്കുന്ന അച്ചടിക്കൂലിയുടെ 65% തുക ആയ 2,03,45,000/- രൂപ (രണ്ട് കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം) അഡ്വാൻസ് ആയി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2026-ലെ കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പിന്, ഇ.വി.എം -ൽ ആവശ്യമായ കളർ ബാലറ്റുകൾ അച്ചടിക്കുന്നത് സാധ്യമാക്കുംവിധം ഗവ.പ്രസ്സിൽ യന്ത്രസംവിധാനം സ്ഥാപിക്കുന്നതിന്, അച്ചടി വകുപ്പ് കണക്കാക്കിയ പ്രതീക്ഷിത അച്ചടിക്കൂലിയുടെ 65% ആയ 2,03,45,000/- രൂപ (രണ്ട് കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം) അഡ്വാൻസ് ആയി "2015-00-106-99-34 OC-3-OI" എന്ന ശീർഷകത്തിൽ നിന്നും അച്ചടി വകുപ്പിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായശേഷം അച്ചടി വകുപ്പ് സമർപ്പിക്കുന്ന അച്ചടിക്കൂലിയുടെ അന്തിമ ബില്ലിൽ മേൽ പരാമർശിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനീഷ് റ്റി

ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

അച്ചടി വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) / (ജി.എസ്.എസ്.എ), കേരളം.

അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ), കേരളം.

ധനകാര്യ (എക്സ്പെൻഡിച്ചർ - ഡി) വകുപ്പ് (Vide U.O.No.E-3378644/EXP-D3/7/2026-FIN Dated 05.02.2026)

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി (*EE3/58/2025/ELEC*)

പകർപ്പ് : മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Sreekanth. K. S
Date: 07-02-2026 17:29:17

സെക്ഷൻ ഓഫീസർ